# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2333 05.02.2018- ൽ മറുപടിക്ക്

## കാർഷികാധിഷ്ഠിത വ്യവസായങ്ങൾ

ചോദ്യം ഉത്തരം

ശ്രീ. മുഹമ്മദ് മുഹസിൻ. പി

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ സമൃദ്ധമായി ലഭിക്കുന്ന കാർഷിക വിഭവങ്ങളായ തേങ്ങ, വാഴപ്പഴം, കൈതച്ചക്ക, മാമ്പഴം,പപ്പായ തുടങ്ങിയവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം സംരംഭകർക്ക് ജില്ലാതലത്തിൽ നൽകുവാൻ വ്യവസായവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഇത്തരം പരിശീലനങ്ങൾ ജില്ലാ തലങ്ങളിൽ നടത്തിവരുന്നു . |
| (ബി) | ഇത്തരം കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രത്യേക പ്രോത്സാഹന പദ്ധതികൾ നിലവിലുണ്ടോ; | (ബി) | കാർഷിക അടിസ്ഥാന ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അവയ്ക്ക് സംരംഭകത്വ സഹായ പദ്ധതി പ്രകാരം 10% അധിക സബ്സിഡി നൽകുന്നുണ്ട്. കേന്ദ്ര സർക്കാർ SAMPADA എന്ന പേരിൽ ഈ മേഖലയിൽ ക്ലസ്റ്റർ രൂപീകരിക്കുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പ്രസ്തുത മേഖലയിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (സി) | 2016-17 വർഷത്തിൽ എറണാകുളത്തുവച്ച് 'അഗ്രോഫുഡ് പ്രൊ' എന്ന പേരിൽ കാർഷികാധിഷ്ഠിത ഭക്ഷ്യ വ്യവസായ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള എക്സിബിഷൻ നടത്തി. വിവിധ ജില്ലകളിൽ ഈ മേഖലയെ ആധാരമാക്കി സംരംഭക വികസന പദ്ധതി(ഇ.ഡി.പി) കളും ടെക്നോളജി ക്ലിനിക്കുകളും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ